# ജി.യു പി എസ് ആയമ്പാറ

## അക്കാദമിക മാസ്റ്ററർ പ്ലാൻ

## 2025-2026

### യു പി വിഭാഗം

| മേഖല - യു പി മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതീക്ഷിത ചെലവ് | സാമ്പത്തിക പിന്തുണ/ ചുമതല |
| 1.ഭാഷയുടെ അടിസ്ഥാന ശേഷി വികസനം.ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠി താക്കളെ പ്രാപ്തരാക്കുക. | അവധിക്കാല വിശേഷങ്ങൾ<br>കുട്ടികൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കഥ,കവിത,കുറിപ്പ്,എന്നിവയിലൂടെ അവതരിപ്പിക്കുന്നു.<br>പദകേളി<br>പദങ്ങൾ ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു.<br>വാക്കുകളിലൂടെ വാക്യത്തിലേക്ക്<br>വിവിധ വാക്കുകൾ ഉൾപ്പെടുന്ന കാർഡുപയോഗിച്ച് വാക്യനിർമ്മാണം.<br>വാർത്താലോകം പത്രവായനയിലൂടെ വായനശേഷി വളർത്തുന്നു. | ജൂൺ<br>ജൂൺ<br>ജൂൺ | -<br>- | ഭാഷ അധ്യാപകർ<br>ഭാഷഅധ്യാപകർ<br>ഭാഷ അധ്യാപകർ |
| 2. പഠിതാവിൽ അർത്ഥപൂർണമായ വായന ഉറപ്പ് വരുത്തുക. | വാർത്താലോകം<br>* പത്രവായനയിലൂടെ വായനശേഷി വളർത്തുന്നു.<br>*അതത് മാസത്തെ പ്രധാന സംഭവങ്ങൾ ഉൾപ്പെടുത്തി ക്വിസ് മത്സരം | എല്ലാ ദിവസവും | 200 | ഭാഷ അധ്യാപകർ |

| | | | | |
|---|---|---|---|---|
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | ❖ സാഹിത്യകാരന്മാർ ,എഴുത്തുകാർ എന്നിവരുമായുള്ള അഭിമുഖങ്ങൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | 500 | ഹെഡ്മിസ്ട്രസ്,ഭാഷ അധ്യാപകർ |
| 4.മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | ഇ- കമ്പ്യൂട്ടറിംഗ്<br>* മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>*മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | 2 വർഷം | 500 | ഭാഷ, ഐ ടി അധ്യാപകർ |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | *പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നാടകം,സ്കിറ്റ് തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | | 200 | ഭാഷ അധ്യാപകർ |
| 6.കുട്ടികളുടെ ആകാശവാണി - ലിറ്റിൽ വോയിസ് | *പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട നാടകം,സ്കിറ്റ് തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു.<br>*വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം തുടക്കത്തിൽ | 2000 | പി ടി എ ,സ്കൂൾ |

| | | | | |
|---|---|---|---|---|
| | *വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു<br><br>*വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>*ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു.<br><br>*സ്കൂളിലെ പ്രധാനപ്പട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒന്ന്,പി ന്നീട് എല്ലാ ദിവസവും | | |

| മേഖല -യുപി ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതിക്ഷിത ചിലവ് | സാമ്പത്തിക പിന്തുണ /ചുമതല |
| 1.ശരിയായി ഇംഗ്ലീഷ് കേട്ട് മനസ്സിലാക്കി സംസാരിക്കാൻ അവസരം ഒരുക്കുന്നു. | **News Time :**<br>ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ഇതിലൂടെ ശരിയായ ഉച്ചാരണം മനസ്സിലാക്കാനുള്ള അവസരം ഒരുക്കുന്നു.<br>**Try to Keep in Step with me:** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br>**Audio Books:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഓഡിയോ ബുക്കുകൾ (കഥകൾ,നോവലുകൾ,നാടകങ്ങൾ)കേൾക്കാനുള്ള അവസരം ഒരുക്കുന്നു.<br>**Sing Along:**<br>ഇംഗ്ലീഷ് കവിതകൾ കേൾപ്പിക്കുകയും വരികൾ മനസ്സിലാക്കി വീണ്ടും പാടാൻ അവസരം നൽകുകയും ചെയ്യുന്നു.<br>**Give me your Attention :**<br>ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകാൻ പ്രോൽസാഹിപ്പിക്കുന്നു.<br>**Roleplay :**<br>ചെറിയ സ്ക്രിപ്റ്റുകളും സംഭാഷണങ്ങളും കുട്ടികളെ കേൾപ്പിക്കുകയും അതിലെ വിവിധ കഥാപാത്രങ്ങളെ അവതരിപ്പിക്കാനുള്ള അവസരവും നൽകുന്നു.<br>**English Assembly Day :** | ജൂൺ മുതൽ ആഗസ്റ്റ് | - | - |

| | | | | |
|---|---|---|---|---|
| | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ ഇംഗ്ലീഷ് അസ്സംബ്ലി നടത്താൻ അവസരം നൽകുന്നു.<br>**Story Time :**<br>ഉച്ചയ്ക്കുള്ള ഇടവേളകളിൽ അധ്യാപകർ കുട്ടികൾക്ക് കഥകൾ രസകരമായി പറഞ്ഞുകൊടുക്കുകയും കുട്ടികൾക്ക് കഥ പറയാൻ അവസരം നൽകുകയും ചെയ്യുന്നു.<br>**I Can As Well :**<br>വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു.തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു.<br>**Dramatic Reading :**<br>വ്യത്യസ്തമായ കഥകൾ റീഡേഴ്സ് തീയറ്റർ (റേഡിയോ ഡ്രാമ) രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | | | |
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | **Monthly Reading Champion :** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി ,**Reading champion of the month** കണ്ടെത്തി ആദരിക്കുന്നു.<br>**Book Clubs :**<br>➢ പുസ്തക ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികൾ ഒരേ പുസ്തകം വായിക്കുകയും അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരം നൽകുകയും ചെയ്യുന്നു.<br>**Reading Logs :**<br>➢ കുട്ടികളിൽ വായനാശീലം വളർത്താൻ അവർ വായിച്ച പുസ്തകങ്ങളുടെ തലക്കെട്ടുകളും സംഗ്രഹവും തയ്യാറാക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | സെപ്തംബർ മുതൽ ഒക്ടോബർ | 2000 | PTA/ഇംഗ്ലീഷ് അധ്യാപകർ |
| 3.തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ | **Fun Time :**<br>➢ കടംകഥകൾ ,കുസൃതി ചോദ്യങ്ങൾ,ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>**Roll a Story :** | നവംബർ മുതൽ ഫെബ്രുവരി | 1000 | PTA/ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| **പ്രാപ്തരാക്കുന്നു.** | ➢ **കുറേ കഥാപാത്രങ്ങളും പ്രശ്നങ്ങളും പരിഹാരങ്ങളും കുട്ടികൾക്ക് നൽകുകയും അവരുടേതായ കഥകൾ എഴുതാനുള്ള അവസരം നൽകുകയും ചെയ്യുന്നു.**<br>**Alert Zone** **സൂചനബോർഡുകൾ,പോസ്റ്ററുകൾ,നോട്ടീസുകൾ,എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ്റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു.**<br><br>**Diary :**<br>➢ **എല്ലാ ദിവസവും കുട്ടികളെ വ്യത്യസ്ത രീതികളിൽ ഡയറി എഴുതാൻ പ്രോത്സാഹിപ്പിക്കുന്നു.**<br>**The Classroom Chronicle : കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ,മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.** | | | |

## മേഖല-യു.പി ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതിക്ഷിത ചിലവ് | സാമ്പത്തിക പിന്തുണ /ചുമതല |
|---|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ▪ അക്ഷരം എഴുത്ത്<br>▪ ചിഹ്നം ഉറപ്പിക്കൽ<br>▪ അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>▪ ക്ലാസിൽ അക്ഷരമാല പ്രദർശനം<br>▪ വാക്കുകൾ എഴുതിയ കാർഡുകൾ | ജൂൺ മുതൽ ആഗസ്റ്റ് | 1000 | PTA /ഹിന്ദി അധ്യാപകർ |
| 2. വീട് ഒരു പരീക്ഷണശാല (കേൾക്കുന്നതും കാണുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | ▪ വീട്ടിൽ ഉപയോഗിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, ധാന്യങ്ങൾ എന്നിവയുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>▪ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്തംബർ മുതൽ ഒക്ടോബർ | - | - |
| 3 ആശയങ്ങൾതെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം ( സുരീലി ഹിന്ദി) | ▪സുരീലി വാണി<br>▪ ദിനാചരണങ്ങൾ<br>▪ അധിക വായനാ സാമഗ്രികൾ<br>▪ കഥ പൂർത്തിയാക്കൽ<br>▪ കവിത പൂർത്തിയാക്കൽ<br>▪ ഹിന്ദി മഞ്ചിൻ്റെ നേതൃത്വത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ | നവംബർ മുതൽഫെബ്രുവരി | 2000 | PTA /ഹിന്ദി അധ്യാപകർ |

## മേഖല-യു പി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതീക്ഷിത ചെലവ് | സാമ്പത്തിക പിന്തുണ/ ചുമതല |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കൽ | **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്ന പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്ന പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | -- | ശാസ്ത്ര അധ്യാപകർ |
| 2. ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കൽ ശാസ്ത്ര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ | **ശാസ്ത്ര ക്ലബ്ബ് ,ഊർജ്ജ ക്ലബ്ബ് , ആരോഗ്യ ക്ലബ്ബ്**<br>ശാസ്ത്ര ക്ലബ്ബ് ഊർജ്ജക്ലബ്ബ് ആരോഗ്യ ക്ലബ്ബ് രൂപീകരണവും ചുമതല നൽകലും | ജൂൺ | -- | ശാസ്ത്ര അധ്യാപകർ |
| 3.ജീവിത സാഹചര്യങ്ങളിൽ നിന്നും | **ജൈവവൈവിധ്യ പാർക്ക്**<br>ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം ശലഭോദ്യാനം | അക്കാദമിക വർഷം | 2500.00 | പി ടി എ, SRG, ശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ ശാസ്ത്ര അഭിരുചി വർദ്ധിപ്പിക്കൽ | എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം | | | |
| 4.ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കൽ ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കൽ | ശാസ്ത്ര ലാബ് നവീകരണം<br>കുട്ടികളുടെ ശാസ്ത്രപഠനം എളുപ്പമാക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ എസ് ആർ ജിയിൽ തീരുമാനമെടുക്കൽ . | ആഗസ്റ്റ് | 3000.00 | BRC /PTA /ശാസ്ത്ര അധ്യാപകർ |
| 5. ശാസ്ത്ര പഠനം ആസ്വാദ്യകരമാക്കൽ | ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ ശാസ്ത്ര ക്വിസ് മോഡൽ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ. | അക്കാദമിക വർഷം | 1000.00 | PTA /ശാസ്ത്ര അധ്യാപകർ |
| 6. ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ | മേളകൾ സംഘടിപ്പിക്കൽ<br>ശാസ്ത്ര വിഷയത്തിൽ അഭിരുചിയുള്ള കുട്ടികളുടെ കഴിവുകൾ പ്രകടമാക്കാനുള്ള വേദിയൊരുക്കൽ സ്കൂൾ മേളകൾ സബ്ജില്ലാ മേളകൾ | ആഗസ്റ്റ് - ഒക്ടോബർ | -- | ശാസ്ത്ര അധ്യാപകർ |

| | | | | |
|---|---|---|---|---|
| 7.കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കൽ | **ശാസ്ത്ര മാസികകൾ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്രമാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | 4000.00 | PTA /ശാസ്ത്ര അധ്യാപകർ |
| 8. ശാസ്ത്ര ആഭിമുഖ്യം കുട്ടികളിൽ വളർത്തൽ | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി ചർച്ച ചെയ്യുന്നു | അക്കാദമിക വർഷം | -- | SRG, ശാസ്ത്ര അധ്യാപകർ,ക്ലബ് അംഗങ്ങൾ |
| 9.ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനികശാസ്ത്ര സാങ്കേതികവിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടു ത്തുക | **ഐസിടി സാധ്യതകൾ**<br>ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | -- | ശാസ്ത്ര അധ്യാപകർ ,ക്ലബ് അംഗങ്ങൾ |

| മേഖല  യു പി സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതീക്ഷിത ചിലവ് | സാമ്പത്തിക പിന്തുണ |
| യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും ചരിത്രാവബോധം ഉറപ്പിക്കൽ | *പഴയകാല നാണയ ശേഖരണം<br>*ചരിത്ര സ്മാരകങ്ങളും സ്ഥലങ്ങളും ഉൾക്കൊള്ളുന്ന ആൽബം തയ്യാറാക്കൽ<br>*സ്കൂളിനടുത്തുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ<br>*കേരളം,ഇന്ത്യ,ലോകം-ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ , സ്മാരകങ്ങൾ എന്നിവയുടെ പ്രദർശനം<br>*വെർച്വൽ ഫീൽഡ് ട്രിപ്- ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്ന | ജൂൺ- ആഗസ്റ്റ് | 1000 | സോഷ്യൽ സയൻസ് ക്ലബ്ബ്,<br>പി.ടി.എ |
| ഭരണഘടനയെക്കുറിച്ച് ധാരണ ഉണ്ടാക്കൽ | *മോക്ക് പാർലമെന്റ്<br>*ഭരണഘടന ക്വിസ്സ്<br>* ഭരണഘടന സെമിനാർ<br>* ഭരണഘടന അവകാശങ്ങൾ/കർത്തവ്യങ്ങൾ ചാർട്ട് പ്രദർശനം | ജൂൺ- ആഗസ്റ്റ് | -- | --- |
| ചരിത്ര പാധാന്യമുള്ളതും, | *എല്ലാ മാസങ്ങളിലെയും ചരിത്ര പ്രാധാന്യമുള്ള | ജൂൺ- ആഗസ്റ്റ് | 500 | സോഷ്യൽ സയൻ |

| | | | | |
|---|---|---|---|---|
| സാമൂഹിക പ്രാധാന്യമുള്ളതുമായ ദിനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ | ദിനാചരണങ്ങൾ സംഘടിപ്പിക്കൽ<br>*ക്വിസ്സ്<br>*സെമിനാർ<br>*പ്രഭാഷണങ്ങൾ | | | സ് ക്ലബ്ബ്,<br>പി.ടി.എ |
| ഭൂപട ധാരണ വളർ ത്തിയെടുക്കൽ | *കേരളം,ഇന്ത്യ,ലോകം<br>എന്നിവയുടെ ഭൂപട നിർമ്മാണവും,സ്കൂൾതല പ്രദർശനവും<br>*വിവിധ തരം ഭൂപടങ്ങളുടെ താരതമ്യ ചാർട്ട് പ്രദർശനം | സെപ്റ്റംബർ-ഒക്ടോബർ | 500 | സോഷ്യൽ സയൻസ് ക്ലബ്ബ് |
| ഇന്ത്യൻ സ്വാതന്ത്ര സമരത്തെക്കുറിച്ചും നേതാക്കൻമാരെക്കുറിച്ചുമുള്ള അവബോധം സൃഷ്ടിക്കൽ | *സമീപ പ്രദേശങ്ങളിലെ സ്വാതന്ത്ര്യ സമര സേനാനികളുമായുള്ള അഭിമുഖം-ആദരിക്കൽ<br>*സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട സിനിമ/ഹ്രസ്വ ചിത്രങ്ങളുടെ പ്രദർശനം<br>*റോൾ പ്ലേ<br>*ചിത്ര പ്രദർശനം<br>*സെമിനാർ | നവംബർ-ഫെബ്രുവരി | -- | സോഷ്യൽ സയൻസ് ക്ലബ്ബ് |
| സുസ്ഥിരവികസനം കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | ഫീൽഡ് ട്രിപ് സർവ്വേ<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | ഡിസംബർ-ഫിബ്രുവരി | 1000 | സാമൂഹിക ശാസ്ത്ര അധ്യാപകർ |

| മേഖല -യു പി ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതീക്ഷിത ചെലവ് | സാമ്പത്തിക പിന്തുണ/ ചുമതല |
| 1.കുട്ടികളിൽ ഗണിത അഭിരുചി വർദ്ധിപ്പിക്കൽ | ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>ഗണിത ക്വിസ്, ഗണിത പസിലുകൾ, ഗണിത കേളികൾ ഇവയുമായി ബന്ധപ്പെട്ട് ചോദ്യങ്ങൾ നൽകൽ, ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | അധ്യയന വർഷം | 1000.00 | PTA / ഗണിത അധ്യാപകർ |
| 2.ഗണിത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ | ഗണിത ക്ലബ്<br>ഗണിത ക്ലബ് രൂപീകരണവും ചുമതല നൽകലും | ജൂൺ | - | ഗണിത അധ്യാപകർ |
| 3.അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പ് വരുത്തൽ | ഗണിത ശില്പശാല<br>കളികളിലൂടെ ഗണിത ക്രിയകൾ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | - | ഗണിത അധ്യാപകർ |
| 4.വിവിധ ഗണിത ശേഷികൾ വികസിപ്പിക്കൽ | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ച ചെയ്യുന്നു | അധ്യയന വർഷം | - | ഗണിത ക്ലബ്ബിലെ അംഗങ്ങൾ |
| 5.ഗണിതം ആസ്വാദ്യകരമാക്കൽ | നിർമാണം<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് സജ്ജമാക്കൽ . | ആഗസ്റ്റ് | 10000.00 | BRC / PTA |

| | | | | |
|---|---|---|---|---|
| **6.ഐടി സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു.** | **ഐടി സാധ്യതകൾ**<br>**ജ്യാമിതീയ രൂപങ്ങൾ , ചതുഷ്കീയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഐടി സാധ്യത ഉപയോഗിച്ച് കുട്ടികളിലേക്ക്** എത്തിക്കുന്നു. | **മാസത്തിൽ ഒരു പ്രാവശ്യം** | | **ഗണിത അധ്യാപകർ** |
| **7.ഗണിത പഠന പ്രവർത്തനങ്ങൾ എളുപ്പമാക്കൽ .** | **ഗണിത ലാബ്**<br>**വിദ്യാലയത്തിൽ ഒരുമുറിയിൽ ഗണിത_ലാബ് സജ്ജീകരിച്ച് ഗണിത ക്ലാസ് നടത്തൽ .** | **ആവശ്യാനുസരണ ം** | **2000.00** | **ഗണിത അധ്യാപകർ /ഗണിത ക്ലബ് അംഗങ്ങൾ** |
| **8.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ** | **ഗണിതം മധുരം**<br>**ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഗണിത അധ്യാപകരും ഗണിതത്തിൽ മിടുക്കരായ കുട്ടികളും ചേർന്ന് ആവശ്യമായ കൈത്താങ്ങ് നൽകുന്നു** | **മാസത്തിൽ ഒരു പ്രാവശ്യം** | | **ഗണിത അധ്യാപകരും കുട്ടികളും** |
| **9.ഗണിതശേഷികൾ പ്രകടമാക്കൽ** | **ഗണിതത്തിൽ മിടുക്കരായ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ വേദിയൊരുക്കൽ. സ്കൂൾ മേളകൾ സബ്ജില്ലാ മേളകൾ** | **ആഗസ്റ്റ് ഒക്ടോബർ** | | **ഗണിത അധ്യാപകരും കുട്ടിക** |

# ജി.യു പി എസ് ആയമ്പാറ

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026

### വിഭാഗം- എൽ പി

| മേഖല- മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതിക്ഷിത ചിലവ് | സാമ്പത്തിക പിന്തുണ/ ചുമതല |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | * പ്രീ ടെസ്റ്റ് (അവസ്ഥാവിശകലനം<br>* എനിക്കൊപ്പം..... അക്ഷരം ഉറപ്പിക്കൽ<br>* അടയാളം ഉറപ്പിക്കൽ<br>* അക്ഷര കാർഡ് നൽകൽ<br>* വാക്കുകൾ എഴുതിയ കാർഡ്<br>* വാക്കുകൾ നിർമ്മിക്കുക<br>* വാക്യങ്ങൾ .നിർമ്മിക്കൽ<br>* വർക്ക് ഷീറ്റ് നൽകൽ... സ്പർശം.. | ജൂൺ മുതൽ ആഗസ്റ്റ് | 1000 | PTA /അധ്യാപകർ |
| 2. കുട്ടിയെ മികച്ച വായനാക്കാരനാക്കുക | ▪ * ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>* വായനാ മൂല, ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തൽ<br>* വായനാനുഭവം പങ്കിടൽ<br>* പത്രവായന<br>* അമ്മ വായന | ആഗസ്റ്റ് മുതൽ മാർച്ച് വരെ | 1000 | PTA /അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക<br>-/ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും | ▪* എഴുത്തുകൂട്ടം രൂപീകരണം<br>* വായനാ കുറിപ്പ് & പതിപ്പ് | ആഗസ്റ്റ് മുതൽ | 2000 | PTA /അധ്യാപകർ |

| | | | | |
|---|---|---|---|---|
| അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന് | * ബാലസഭ<br>* സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>* ചിത്ര കാർഡുകൾ നൽകൽ ( ചിത്രവും പദവും ഉൾക്കൊണ്ടത് )<br>* ഭാഷണത്തിന് ക്ലാസ്സിൽ അവസരം ഒരുക്കൽ<br><br>* വായന സാമഗ്രികൾ നിർമ്മിക്കൽ<br>▪ | മാർച്ച് വരെ | | |

| മേഖല - ഇംഗ്ലീഷ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതിക്ഷിത ചിലവ് | സാമ്പത്തിക പിന്തുണ /ചുമതല |
| **1. Comprehend and enjoy simple stories.** | **#Listen and enjoy rhymes and simple stories**<br>**#Listening stories audio and video** | **June to august** | - | - |

| | | | | |
|---|---|---|---|---|
| **2. Describe objects**. | **#Drawing, colouring and describing an object.**<br>**#Identifying natural objects - Trees, fire, wind, cloud, rain etc** | **june to november** | - | PTA/ഇംഗ്ലീഷ് അധ്യാപകർ |
| **3. To develop listening and speaking ability of the children and also develop reading and writing skills** | **#Listen to simple conversations and dialogues in familiar situations**<br>**#Action songs**<br>**#Words with picture cards.**<br>**#Read and enjoy simple poems.**<br>**#Write simple conversation** | **June to march** | - | PTA/ഇംഗ്ലീഷ് അധ്യാപകർ |

| മേഖല - ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതീക്ഷിത ചെലവ് | സാമ്പത്തിക പിന്തുണ/ ചുമതല |
| 1. ഗണിതപഠനം ഉല്ലാസപ്രദവും കൗതുകകരമു മാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷികൾ ഉറപ്പാക്കുക | * ഗണിത ശേഷികൾ അറിയാം. ഉറപ്പിക്കാം<br>* മൂന്നക്ക സംഖ്യ - വ്യാഖ്യാനം | ജൂൺ, ജൂലൈ | 1000 | PTA / ഗണിത അധ്യാപകർ |
| 2. മുഴുവൻ കുട്ടികളെയും മികച്ച പ്രശ്ന പരിഹരണ ശേഷി ഉള്ളവരാക്കി മാറ്റുക | * ക്ലാസിലൊരു കട / സ്കൂളിലൊരു കട<br>* അബാക്കസ്<br>* കളി നോട്ട്<br>* ഗണിതകേളികൾ<br>* ഗണിത വിജയം<br>* ഗണിത ശില്പശാല | ആഗസ്റ്റ് മുതൽ മാർച്ച് വരെ | 3000 | ഗണിത അധ്യാപകർ/BRC |
| 3. നൂറുവരെയുള്ള സംഖ്യ ബോധം ,സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം ,വ്യവകലനം , പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള | 1, 2, 3, 4 ....<br>1, 3, 5, 7 .....<br>10, 20, 30...<br>5, 10, 15, 20..തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ | ജൂൺ - മാർച്ച് | - | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| ശേഷിയുറപ്പാക്കൽ | ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയുംകൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ | | | |
| 4. പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു.വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ | വില വിവര പട്ടിക തയ്യാറാക്കൽ ക്ലാസ്സിൽ ഒരു കട,സ്കൂളിൽ ഒരു കട,ഗണിതാശയങ്ങൾ പ്രയോഗിക രീതിയിലൂടെ ഉറപ്പിക്കൽ | അധ്യയന വർഷം | 5000 | ഗണിത അധ്യാപകർ |
| 5. നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നുഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു .എഴുതുന്നു (100 ൽ താഴെ | #വിവിധ പാറ്റേണുകൾ രൂപീകരിക്കൽ | ആഗസ്റ്റ് | - | ഗണിത അധ്യാപകർ |
| 6. ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതആശയങ്ങൾ ഉറപ്പിക്കൽ | #പത്തിൻ്റെയും ഒന്നിനെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ | അധ്യയനവർഷം | | ഗണിത അധ്യാപകർ |

| | | | | |
|---|---|---|---|---|
| 7. സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന് | ഒരുകൂട്ടം വസ്തുക്കളോട് അതെ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ | - | - | ഗണിത അധ്യാപകർ |
| 8.ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ | **ഗണിതം മധുരം**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി ഗണിത അധ്യാപകരും ഗണിതത്തിൽ മിടുക്കരായ കുട്ടികളും ചേർന്ന് ആവശ്യമായ കൈത്താങ്ങ് നൽകുന്നു | മാസത്തിൽ ഒരു പ്രാവശ്യം | | ഗണിത അധ്യാപകരും കുട്ടികളും |
| 9.ഗണിതശേഷികൾ പ്രകടമാക്കൽ | ഗണിതത്തിൽ മിടുക്കരായ കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ വേദിയൊരുക്കൽ. സ്കൂൾ മേളകൾ സബ്ജില്ലാ മേളകൾ | ആഗസ്റ്റ് ഒക്ടോബർ | | ഗണിത അധ്യാപകരും കുട്ടികളും |

## മേഖല-പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | പ്രതീക്ഷി | സാമ്പത്തികപിന്തുണ/ |
|---|---|---|---|---|
| | | | | |

| | | | ത<br>ചെലവ് | ചുമതല |
|---|---|---|---|---|
| 1. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിച്ച് സവിശേഷതകൾ കണ്ടെത്തുക | 1. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വീടുകളിൽ വൃക്ഷത്തൈ നടൽ<br>2. ക്ലാസിന് ഒരു ഫലവൃക്ഷം<br>3. കുട്ടികളുടെ വീടുകളിൽ പൂന്തോട്ടം, അടുക്കളത്തോട്ടം നിർമ്മാണം സംരക്ഷണം<br>4. ഫീൽഡ് ട്രിപ്പ്<br>ചുറ്റുമുള്ള ആവാസവ്യവസ്ഥകൾ കുന്ന് വയൽ കാവുകൾ കുളം കിണർ പുഴ തുടങ്ങിയവ നിരീക്ഷിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു<br>5.ഇക്കോപാർക്ക് നിർമ്മാണം | അക്കാദമിക വർഷം | 5000 | അധ്യാപകർ/BRC/ PTA |
| 2. ചുറ്റുപാടുമുള്ള സസ്യങ്ങളിലെ വേര് ഇല കാണ്ഡം,വിത്ത് ബീജപത്രങ്ങളുടെ എണ്ണം തുടങ്ങിയവ നിരീക്ഷിച്ച് പട്ടികപ്പെടുത്തുന്നു | 1. ഫീൽഡ് ട്രിപ്പ്<br>ചുറ്റുപാടും നിരീക്ഷിച്ച് ഓരോ ചെടികളും പരിചയപ്പെടുകയും അവയുടെ ഇല വേര് വിത്ത് കാണ്ഡം എന്നിവയുടെ പ്രത്യേകതകൾ മനസ്സിലാക്കി പട്ടികപ്പെടുത്തുന്നു നിഗമനങ്ങൾ രൂപീകരിക്കുന്നു നിരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു<br>2. ഇലകൾ ശേഖരിക്കാം/ ഇല ആൽബം<br>3. വിത്ത് മുളയ്ക്കുമ്പോൾ<br>വിത്തുകൾ മുളക്കുമ്പോൾ അവയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ നിരീക്ഷിക്കുന്നു റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | 1000 | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | 4. ശേഖരണം( ഇല, വേര്, വിത്തുകൾ,.....) | | | |
| 3. പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ | 1. പരിസ്ഥിതി സംരക്ഷണ പോസ്റ്ററുകൾ തയ്യാറാക്കി സ്ഥാപിക്കുന്നു<br>2. പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് പരിഹാരം- റീസൈക്ലിങ് ചെയ്യുന്നു, പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നു<br>3. പെൻഫ്രണ്ട് സ്ഥാപിക്കുന്നു | അക്കാദമിക വർഷം | 1000 | അധ്യാപകർ |
| 4. ശാസ്ത്ര കൗതുകം വളർത്തുക ശാസ്ത്ര സർക്കാർത്മകത വളർത്തുക ശാസ്ത്ര പരീക്ഷണങ്ങൾ ലഘുപരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുക പരീക്ഷണ സാമഗ്രികൾ വീട്ടിലും ക്ലാസിലും ഒരുക്കു | 1. ലഘുപരീക്ഷണങ്ങൾ<br>പാഠഭാഗമായി ബന്ധപ്പെട്ടും അല്ലാതെയും ലഘുപരീക്ഷണങ്ങൾ ചെയ്യുന്നതിനും നിരീക്ഷിച്ച് നിഗമനത്തിൽ എത്തുന്നതിനും അവസരം നൽകുന്നു<br>2. പരീക്ഷണ കളരി<br>വീട്ടിലും സ്കൂളിലും പരീക്ഷണങ്ങൾ നടത്തി പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കി ക്ലാസ്, ക്ലാസ്സ് പിടിഎ, അസംബ്ലി പോലുള്ള പൊതുവേദികളിൽ അവതരിപ്പിക്കുന്നു<br>3.പരീക്ഷണക്കിറ്റ്<br>4. ശാസ്ത്ര ലൈബ്രറി<br>5. ഐസിടി വിഭവങ്ങൾ-- കുട്ടികൾക്ക് പരീക്ഷണ നിരീക്ഷണങ്ങൾക്ക് സഹായിക്കുന്ന ലഘു വീഡിയോകൾ പ്രദർശിപ്പിക്കുന്നു | ജൂൺ - മാർച്ച് | 3000 | -<br>അധ്യാപകർ/BRC |
| 5. ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും | * ശുചിത്വ സർവ്വേ ക്ലാസു കൾ<br>* പോസ്റ്റർ രചന മത്സരം | ജൂൺ - സെപ്റ്റംബർ | 500 | അധ്യാപകർ |

| | | | | |
|---|---|---|---|---|
| **സൃഷ്ടിക്കുന്നതിന്** | | | | |
| **6. പ്രകൃതിയെ അറിയാം** | **<u>* പ്രകൃതി നടത്തം</u>**<br>**<u>* കാഴ്ച ബംഗ്ലാവിലേക്ക്</u>** | ആഗസ്റ്റ് - ഒക്ടോബർ | -- | **SRG/ അധ്യാപകർ** |
| **7. നാട്ടറിവുകൾ- നാട് അറിയാൻ** | **<u>* കർഷകരുമായി അഭിമുഖം</u>**<br>**<u>* കൃഷിയിടത്തിലേക്ക്</u>**<br>**<u>* നമുക്കും കർഷകരാകാം</u>** | * ജൂൺ | | |
| **8. ശാസ്ത്ര ആഭിമുഖ്യം കുട്ടികളിൽ വളർത്തൽ** | <u>ദിനാചരണം</u><br>**ജൂൺ മുതൽ മാർച്ച് വരെയുള്ള ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി ചർച്ച ചെയ്യുന്ന്** | അക്കാദമിക വർഷം | -- | **അധ്യാപകർ** |